**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3722** **15-07-2022 - ൽ മറുപടിയ്ക്ക്**

**സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ വാങ്ങുന്നയാൾ മരിച്ചു കഴിഞ്ഞാൽ അവരുടെ കുടുംബാംഗങ്ങൾക്ക് പെൻഷന് അർഹതയുണ്ടോ; എങ്കിൽ ആർക്കൊക്കെയാണ് അർഹതയുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ വാങ്ങുന്നയാൾ മരണപ്പെട്ടാൽ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ചട്ടപ്രകാരം പെൻഷണറുടെ ജീവിത പങ്കാളി / അവിവാഹിതകളായ പെൺമക്കൾ/ പ്രായപൂർത്തിയാകാത്ത മകൻ എന്നിവർക്കും, കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ചട്ടം 11 A പ്രകാരം അർഹതയുടെ അടിസ്ഥാനത്തിൽ വിധവയായ മകൾ/ വിവാഹ മോചിതയായ മകൾ എന്നിവർക്ക് പുനർവിവാഹം/ മരണം വരെയും, കഠിനമായ/ഗൗരവമേറിയ ശാരീരിക, മാനസിക വൈകല്യമുള്ള മകൾ/മകൻ എന്നിവർക്കും ആശ്രിത പെൻഷന് അർഹതയുണ്ട്.<br><br>കേന്ദ്രസർക്കാരിന്റെ സ്വതന്ത്രത സൈനിക് സമ്മാൻ യോജന പെൻഷൻ പദ്ധതി പ്രകാരം പെൻഷണറുടെ പിതാവ്/മാതാവ്/വിധവ/വിഭാര്യൻ (പുനർവിവാഹിതരല്ലാത്ത)/അവിവാഹിതരായ പെൺമക്കൾ (പരമാവധി മൂന്ന് അവിവാഹിതരായ പെൺമക്കൾക്ക് ) എന്നിവർക്കാണ് ആശ്രിത പെൻഷന് അർഹതയുള്ളത്. |
| (ബി) | പ്രസ്തുത പെൻഷനരുടെ ജീവിത പങ്കാളി ജീവിച്ചിരിക്കുന്നില്ലെങ്കിൽ മറ്റ് കുടുംബാംഗങ്ങൾക്ക് പെൻഷൻ അനുവദിക്കുന്നതിന് പ്രത്യേക പരിഗണന ഉണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ വാങ്ങുന്നയാൾ മരണപ്പെട്ടാൽ കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ചട്ടപ്രകാരം പെൻഷണറുടെ ജീവിത പങ്കാളി / അവിവാഹിതകളായ പെൺമക്കൾ/ പ്രായപൂർത്തിയാകാത്ത മകൻ എന്നിവർക്കും, കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ ചട്ടം 11 A പ്രകാരം അർഹതയുടെ അടിസ്ഥാനത്തിൽ വിധവയായ മകൾ/ വിവാഹ മോചിതയായ മകൾ എന്നിവർക്ക് പുനർവിവാഹം/ മരണം വരെയും, കഠിനമായ/ഗൗരവമേറിയ ശാരീരിക, മാനസിക |

| | | | |
|---|---|---|---|
| | | | വൈകല്യമുള്ള മകൾ/മകൻ എന്നിവർക്കും ആശ്രിത പെൻഷന് അർഹതയുണ്ട്.<br><br>കേന്ദ്രസർക്കാരിന്റെ സ്വതന്ത്രത സൈനിക് സമ്മാൻ യോജന പെൻഷൻ പദ്ധതി പ്രകാരം പെൻഷണറുടെ പിതാവ്/മാതാവ്/വിധവ/വിഭാര്യൻ (പുനർവിവാഹിതരല്ലാത്ത)/അവിവാഹിതരായ പെൺമക്കൾ (പരമാവധി മൂന്ന് അവിവാഹിതരായ പെൺമക്കൾക്ക് ) എന്നിവർക്കാണ് ആശ്രിത പെൻഷന് അർഹതയുള്ളത്. |

സെക്ഷൻ ഓഫീസർ